സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംപൂരി പഞ്ചായത്തിന് കെ.എസ്.ആർ.ഡി. ബിയിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടില്ല.

(എഫ്) രണ്ടു പദ്ധതികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയതിനു ശേഷം ധനലഭ്യതക്ക് വിധേയമായി ചെയ്യേണ്ട കാര്യമാണിത്.

(ജി) വെള്ളറട ശുദ്ധജല വിതരണ പദ്ധതിയുടെ പരാജയത്തെക്കുറിച്ച് ഡിപ്പാർട്ടുമെന്റ് പഠിച്ചുകഴിഞ്ഞു. പുതിയ ഉറവ പണിയുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്ത് അടങ്കൽ തുകയുടെ 25 ശതമാനം വിഹിതം വഹിക്കാമെങ്കിൽ പണി ഉടനെ ആരംഭിക്കുന്നതാണ്.

(എച്ച്) മുഴുവൻ ഭാഗത്തും ശുദ്ധജല വിതരണപദ്ധതി നടപ്പാക്കുന്ന കാര്യം പണത്തിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

നെല്ലിമൂട് ശുദ്ധജല വിതരണപദ്ധതി

901 [1657] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അതിയന്നൂർ ബ്ലോക്കിലെ അതിയന്നൂർ പഞ്ചായത്തിലേക്കുള്ള നെല്ലിമൂട് ശുദ്ധജല വിതരണപദ്ധതിയുടെ പോരായ്മകൾ ജനങ്ങൾക്ക് വളരെയധികം ക്ലേശം സൃഷ്ടിക്കുന്നു എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സമൂലമായി പരിഹരിക്കുവാൻ എന്തു പദ്ധതിയാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്;

(സി) പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും ശുദ്ധജല വിതരണം വ്യാപിപ്പിക്കുന്നതിനും ഉയർന്ന പ്രദേശങ്ങളിൽ ജലം ലഭിക്കാത്ത ഇന്നത്തെ സ്ഥിതി പരിഹരിക്കുന്നതിനും ഉള്ള ഒരു ബൃഹത്തായ പദ്ധതി വിദേശ സഹായം ലഭിക്കുന്ന ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും ഒന്നായി ഒരു പദ്ധതി നടപ്പിലാക്കാൻ പ്രയാസമുള്ള പെരും പഴതൂർ പഞ്ചായത്തിന്റെ ഓലത്താനി, മണലിവിള, മണലൂർ വാർഡുകളിലേക്ക് നെല്ലിമൂട് പദ്ധതിയിൽനിന്നും ശുദ്ധജല വിതരണം നടത്താനുള്ള ഏർപ്പാടുകൾകൂടെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ;

(ഇ) ജനങ്ങളുടെ പ്രയാസങ്ങൾക്ക് ഒരു താൽക്കാലിക പരിഹാരമെന്ന നിലക്ക് നെല്ലിമൂട് പദ്ധതിയിൽ പ്രവർത്തിക്കുന്ന രണ്ട് 15 എച്ച്.പി. മോട്ടോറുകൾക്ക് പകരം 30 എച്ച്.പി. പുതിയ മോട്ടോറുകൾ ഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ ശക്തിയുള്ള പമ്പ്സെറ്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും പ്രയോജനപ്പെടുന്നതിനുള്ള ഒരു പദ്ധതിയുടെ സാങ്കേതിക സാദ്ധ്യതയെപ്പറ്റി ആരാഞ്ഞതിനു ശേഷം പണത്തിന്റെ ലഭ്യതയനുസരിച്ച് ചെയ്യാവുന്നതാണ്.

(ഇ) കൂടുതൽ ശക്തിയുള്ള പമ്പുസെറ്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

മുഖ്യസേവികമാരുടെ സ്ഥലംമാറ്റം

902 [1658] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ എ.എൻ.പി. നിലവിലുള്ള ബ്ലോക്കുകളിൽ ഇപ്പോൾ ജോലി നോക്കിവരുന്ന മുഖ്യസേവികമാരുടെ പേരുവിവരം അടങ്ങുന്ന ലിസ്റ്റ് മേശപ്പുറത്ത് വെക്കുമോ;

(ബി) പ്രസ്തുത മുഖ്യസേവികമാരിൽ ഓരോരുത്തരുടേയും മലബാർ ഭാഗത്തെ സേവനകാലം എത്ര എന്ന് വ്യക്തമാക്കാമോ;

(സി) ഈ മുഖ്യസേവികമാരിൽ കോട്ടയം ജില്ലയിൽത്തന്നെ 3 വർഷത്തിൽ കൂടുതലായി ഒരേ ബ്ലോക്കിൽ ജോലിയിൽ തുടരുന്നവരും, മലബാർ ഭാഗത്ത് ജോലി നോക്കാത്തവരുമായവരുടെ പേരുവിവരം വ്യക്തമാക്കാമോ;

(ഡി) 10-6-1981 ലെ മുഖ്യസേവികമാരുടെ സ്ഥലംമാറ്റ ഉത്തരവനുസരിച്ച് [ജി.ഒ. (ആർ.റ്റി.) 804/81/ഡി.ഡി.] മലബാർ ഭാഗത്ത് 4 വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ചിട്ട് സ്വന്തം ജില്ലയായ കോട്ടയത്ത് സ്ഥലം മാറിവന്ന് 3 വർഷം തികയുന്നതിനു മുൻപ് വീണ്ടും ആ ജില്ലയിൽനിന്ന് സ്ഥലംമാറ്റപ്പെട്ട ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവർക്ക് സ്വന്തം ജില്ലയിലേക്ക് മാറ്റം കൊടുക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) മേശപ്പുറത്ത് വെച്ചിരിക്കുന്നു. †

(ബി) മേശപ്പുറത്തു വെച്ചിരിക്കുന്ന ലിസ്റ്റിൽ പ്രസ്തുത മുഖ്യസേവികമാരുടെ മലബാർ ഭാഗത്തെ സേവനകാലം വ്യക്തമാക്കിയിട്ടുണ്ട്.

(സി) അങ്ങനെയുള്ളവർ ആരുംതന്നെ ഇല്ല.

(ഡി) ഉണ്ട്.

(ഇ) സ്ഥലംമാറ്റം നൽകുന്നതിന് മലബാർ ഭാഗത്തെ സേവനം മാത്രമല്ല മാനദണ്ഡമായിട്ടുള്ളത്. മുഖ്യസേവികമാർക്ക് കഴിവതും സ്വന്തം ജില്ലയിലെ ബ്ലോക്കുകളിൽത്തന്നെ നിയമനം കൊടുക്കുവാൻ സ്ഥലംമാറ്റ ഉത്തരവിടുമ്പോൾ ശ്രദ്ധിക്കാറുണ്ട്.

---

†അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly